# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6039 — 28.10.11 ൽ മറുപടിക്ക്

## റേഷൻകടകളുടെ ലൈസൻസ് റദ്ദാക്കൽ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തൊട്ടാകെ എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) ലൈസൻസ് റദ്ദാക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) എ. പി. എൽ., ബി. പി. എൽ കാർഡുടമകൾക്ക് നൽകാനുള്ള റേഷൻ വിഹിതം കൃത്യമായി നൽകാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.)

(എ)

| | | | |
|---|---|---|---|
| തിരുവനന്ത -പുരം | 15 | തൃശ്ശൂർ | 1 |
| കൊല്ലം | 10 | പാലക്കാട് | 2 |
| പത്തനംതിട്ട | 5 | മലപ്പുറം | 0 |
| ആലപ്പുഴ | 1 | കോഴിക്കോട് | 0 |
| കോട്ടയം | 8 | വയനാട് | 0 |
| ഇടുക്കി | 0 | കണ്ണൂർ | 0 |
| എറണാകുളം | 0 | കാസർഗോഡ് | 4 |

(ബി) ലൈസൻസിയുടെ മരണം, ഉപയോഗശൂന്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യൽ, ക്രമക്കേടുകൾ എന്നിവയാണ് റേഷൻകടകളുടെ ലൈസൻസ് റദ്ദ് ചെയ്യുവാനുള്ള കാരണങ്ങൾ.

(സി) എ.പി.എൽ,ബി.പി.എൽ. കാർഡുടമകൾക്ക് അനുവദിക്കുന്ന റേഷൻ വിഹിതം മുഴുവനായും ലഭിക്കുന്നില്ലായെന്ന് ഒറ്റപ്പെട്ട ചില പരാതികൾ ലഭിക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) പൊതു വിതരണ സമ്പ്രദായം വഴി കേന്ദ്ര സർക്കാർ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ യഥാസമയം വിട്ടെടുത്ത് പരാതിയ്ക്ക് ഇടവരുത്താതെ അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് കാര്യക്ഷമമായി വിതരണം നടത്തി വരുന്നു. റേഷൻ സാധനങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകളും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ വിജിലൻസ്

ഓഫീസർ തലംവരെയുള്ള ഉദ്യോഗസ്ഥർ റേഷൻകടകളിലും, റേഷൻ മൊത്ത വിതരണ ഡിപ്പോകളിലും സ്ഥിരം പരിശോധനകളും മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്. സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതപ്പെട്ടവരുടെ പേരുവിവരം എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിച്ചു വരുന്നുണ്ട്. റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരോ മാസവും വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവ് പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാ റേഷൻ കടകളിലും കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭിക്കുന്നുഎന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിക്കുന്ന നടപടി യും പൂർത്തിയായി വരുന്നു.FCI ഡിപ്പോകളിലും, റേഷൻ മൊത്ത വിതരണ ഡിപ്പോകളിലും വിതരണ ദിവസങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് വിതരണം നിരീക്ഷിച്ചും വരുന്നു.

Preetha
സെക്ഷൻ ഓഫീസർ